"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - വിഴിഞ്ഞം പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് പുനർഗേഹം പദ്ധതിയുടെയും, പദ്ധതിയുടെ നിർവ്വഹണ ചുമതലയുള്ള പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെയും, ഭൂമി വില നിശ്ചയിക്കുന്ന കമ്മിറ്റിയുടേയും കാലാവധി ദീർഘിപ്പിച്ച് നൽകി - ഉത്തരവാകുന്നു.

---

**മത്സ്യബന്ധനവും തുറമുഖവും (എ) വകുപ്പ്**

സ.ഉ.(സാധാ) നം.356/2023/F&P തീയതി,തിരുവനന്തപുരം, 05-05-2023

---

പരാമർശം:-

1. 22/07/2017-ലെ സ.ഉ.(കൈ) നം. 16/2017/മ.തു.വ.
2. 26/12/2019-ലെ സ.ഉ.(സാധാ) നം. 1009/2019/മ.തു.വ.
3. 26/08/2020-ലെ സ.ഉ.(സാധാ) നം. 13/2020/മ.തു.വ.
4. 12/02/2021-ലെ സ.ഉ.(കൈ) നം. 06/2021/മ.തു.വ.
5. 19/06/2022-ലെ സ.ഉ.(സാധാ) നം. 380/2022/മ.തു.വ.
6. ഫിഷറീസ് ഡയറക്ടറുടെ 16/02/2023 ലെ DFTVM/1014/2021-S1 PIU നമ്പർ കത്ത്

**<u>ഉത്തരവ്</u>**

വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും, മത്സ്യത്തൊഴിലാളികൾക്കുള്ള സമഗ്രവികസന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിലേക്കും പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം ഫിഷറീസ് വകുപ്പിന് കീഴിൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ചുകൊണ്ടും യൂണിറ്റിന്റെ പ്രവർത്തനത്തിനായി മൂന്ന് വർഷത്തേയ്ക്ക് താത്കാലിക തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും ഉത്തരവായി. തുടർന്ന് പരാമർശം (2) പ്രകാരം പുനർഗേഹം പദ്ധതിയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടും പദ്ധതിയുടെ നിർവഹണ ചുമതല പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന് നൽകിയും ഉത്തരവായി. പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കാലാവധി 21/07/2020-ൽ അവസാനിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം പുനർഗേഹം പദ്ധതി നിർവ്വഹണത്തിനും വിഴിഞ്ഞം പുനരധിവാസ പദ്ധതിയുടെ തുടർ നടപടികൾക്കുമായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെ കാലാവധി 31.3.2022 വരെ ദീർഘിപ്പിച്ച് നൽകികൊണ്ടും, പരാമർശം (4) പ്രകാരം പുനർഗേഹം പദ്ധതിയുമായി ബന്ധപ്പെട്ട ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്ന കമ്മിറ്റിയുടെ കാലാവധി പുനർഗേഹം പദ്ധതിയുടെ കാലാവധിയായ 2022 വരെ ദീർഘിപ്പിച്ചു നൽകിയും ഉത്തരവായി. തുടർന്ന് പരാമർശം (5) പ്രകാരം പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റിന്റെയും, പുനർ ഗേഹം പദ്ധതിയുടെയും കാലാവധി 01-04-2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവായി.

2) തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും അൻപത് മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുവാൻ ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നു വരുന്നത് പൂർത്തീകരിക്കുന്നതിനും, പദ്ധതി പ്രകാരം നിർമ്മാണം ആരംഭിച്ച ഫ്ളാറ്റുകളുടെയും, നിർമ്മാണം ആരംഭിക്കാൻ നടപടിയായ ഫ്ലാറ്റുകളുടെ പൂർത്തീകരണം എന്നിവയും ഇനി നടപ്പാക്കേണ്ടതായിട്ടുള്ളതിനാൽ നിർവ്വഹണ ഏകോപന ചുമതലയുള്ള പദ്ധതി നിർവ്വഹണ യൂണിറ്റിന്റെയും, പുനർഗേഹം പദ്ധതിയുടേയും, പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി വില നിശ്ചയിക്കുന്ന കമ്മിറ്റിയുടേയും കാലാവധി 01.04.2023 മുതൽ രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന്

പരാമർശം (6) പ്രകാരം ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർഗേഹം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങളുടെ ഫലപ്രദമായ പൂർത്തീകരണത്തിനായി പരാമർശം (6) ലെ ശിപാർശ പ്രകാരമുള്ള കാലാവധി ദീർഘിപ്പിക്കേണ്ടത് അനിവാര്യമായതിനാൽ, പുനർഗേഹം പദ്ധതിയുടേയും, പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമി വില നിശ്ചയിക്കുന്ന കമ്മിറ്റിയുടേയും, പദ്ധതി നിർവ്വഹണ യൂണിറ്റിന്റെയും കാലാവധി 01.04.2023 മുതൽ രണ്ട് വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
K S SRINIVAS
**പ്രിൻസിപ്പൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
മത്സ്യബന്ധന (സി) വകുപ്പ്
ധനകാര്യ വകുപ്പ് (24.04.2023- ലെ 2400141/WCD-2/111/2023-FIN പ്രകാരം)
I&PRD (web & new media)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ